# പത്രക്കുറിപ്പ്

തിരുവനന്തപുരം: ചാക്ക ബൈപാസിൽ നിന്ന് ബൈക്കുകൾ മോഷണം നടത്തിയ രണ്ട് പേരെ സിറ്റി ഷാഡോ പോലീസ് പിടികൂടി.വള്ളക്കടവ് സംഗമം നഗറിൽ റ്റി.സി. 42/1416ൽ താമസം സാ ജാദ് ഹുസൈൻ മകൻ ഇമ്രു എന്നു വിളിക്കുന്ന ഇമ്രാനെയും പ്രായപൂർത്തിയാകാത്ത മറ്റൊളെയുമാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് രേഖപ്പെടുത്തിയത്.

കഴിഞ്ഞ ആഴ്ച ബൈപാസിന് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ വന്ന സെന്റ് സേവിയേഴ്സ് സ്വദേശി വിഷ്ണുവിന്റെ പൾസർ ബൈക്ക് മോഷണം പോയതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്.ഇവരെ പിടികൂടി ചോദ്യം ചെയതതിൽ ഇതേ സ്ഥലത്ത് നിന്നും മുൻപ് മോഷണം പോയ യമഹ ബൈക്കും ഇവർ തന്നെയാണ് മോഷ്ടിച്ചതെന്ന് സമ്മതിച്ചിട്ടുണ്ട്. മുമ്പ് വഞ്ചിയൂർ ഭാഗത്ത് നിന്ന് ബൈക്ക് മോഷണം നടത്തി ചാപ്പാത്ത് ഭാഗത്ത് വെച്ച് ആക്സിഡന്റായതിനെ തുടർന്ന് ഇമ്രാൻ കാത്തിരംകുളം പോലീസിന്റെ പിടിയിലായിട്ടുണ്ട്, കൂടാതെ പാർക്ക് ചെയ്തിരുന്ന കാറിൽ നിന്നും എ.റ്റി.എം കാർഡ് മോഷണം നടത്തി ആ കാർഡുപയോഗിച്ച് എ.റ്റി.എമ്മിൽ നിന്നും പണം കവർന്നതിന് പൂന്തുറ സ്റ്റേഷനിൽ കേസ്സുള്ള ഇയാൾക്ക്, കന്റോൺമെന്റ് സ്റ്റേഷനിൽ ബൈക്ക് എടുത്തതിനും, കഞ്ചാവ് ലഹരി ഗുളികകൾ വിറ്റതിന് ഫോർട്ട് സ്റ്റേഷനിലും കേസുകളുണ്ട്

കൺട്രോൾ റൂം അസി. കമ്മീഷണർ വി. സുരേഷ്കുമാർ, വഞ്ചിയൂർ എസ്.ഐ അശോകൻ, ഷാഡോ എസ്.ഐ. സുനിൽലാൽ, സിറ്റി ഷാഡോ പോലീസ് അംഗങ്ങൾ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്